DISPATCHED
On...15/02/22

3/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1656(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.14968/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീ. എസ്.സന്തോഷ്കുമാർ,
" ശ്രീതുളസി ",
പി.ടി.ആർ.ആർ.എ–375 എ,
ടി.എം.സി – 3/729 എ & ബി (ന്യൂ 43/1060 & 1061),
പാറക്കാട്ട് ടെംബിൾ റോഡ്,
ചെമ്പുമുക്ക്, എറണാകുളം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   തൃക്കാക്കര നഗരസഭ,
   കാക്കനാട്, എറണാകുളം.
2. അപ്പീൽ അധികാരി &
   മുനിസിപ്പൽ സെക്രട്ടറി,
   തൃക്കാക്കര നഗരസഭ, കാക്കനാട്,
   എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 24.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 17.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 25.1.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എസ്. സന്തോഷ്കുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, തൃക്കാക്കര മുനിസിപ്പാലിറ്റി കരം ഇനത്തിൽ അധികമായി ഈടാക്കിയ തുക തിരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

27.12.2019–ന് ഹർജിക്കാരൻ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അറിയുന്നതിനുവേണ്ടി 24.8.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭിച്ചിട്ടില്ലെന്നും മറുപടി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 24.8.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തൃക്കാക്കര മുനിസിപ്പാലിറ്റി കരം ഇനത്തിൽ ടിയാനിൽ നിന്നും അധികമായി ഈടാക്കിയ തുക തിരിച്ച് നൽകുന്നതിന് നൽകിയ 27.12.2019–ലെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് 9.10.2021 തീയതി ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ടി അപ്പീലിനും മറുപടി ലഭ്യമാക്കാത്തതിനാൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഹർജിക്കാരന് 8.12.2021 തീയതി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, തൃക്കാക്കര നഗരസഭയിലെ പഴയ 3–ാം വാർഡിൽ (പുതിയ 43–ാം വാർഡ്) ശ്രീ. സന്തോഷ്കുമാർ ശ്രീധരൻ നായർ എന്ന ഉടമസ്ഥതയിലുള്ള 3/729 എ, 3/729 ബി നമ്പർ (43/1054, 43/1055) കെട്ടിടങ്ങളുടെ മുകളിൽ ഒന്നാം നിലയിൽ 2016–ൽ പുതിയ നിർമ്മാണം നടത്തുകയും 3/729 എബി, 3/729 എബി1 (43/1052, 43/1053) എന്നിങ്ങനെ രണ്ട് നമ്പരുകൾ കൂടി അനുവദിക്കുകയും ചെയ്തിരുന്നു എന്നും പ്രസ്തുത കെട്ടിടങ്ങൾ റസിഡൻഷ്യൽ ഗണത്തിൽപെടുത്തി 1.4.2016 മുതൽ പ്രാബല്യത്തിൽ പുതിയ നിരക്കിൽ നികുതി നിർണ്ണയിക്കുകയാണ് ഉണ്ടായതെന്നും നിലവിൽ ഉണ്ടായിരുന്നതും 1995–ൽ നിർമ്മിച്ചതുമായ ഗ്രൗണ്ട് ഫ്ളോർ കെട്ടിടം പുതുക്കിപ്പണിതതിനാൽ ആയതിന്റെ നികുതിയും 30.8.2016–ൽ (w.e.f 01.4.2016) പുനർനിർണ്ണയം ചെയ്തിട്ടുള്ളതാണെന്നും നിലവിലുള്ള പഴയ കെട്ടിടത്തിൽ കൂട്ടിചേർക്കലോ, ഘടനാപരമായ മാറ്റങ്ങളോ, പുതുക്കിപ്പണിയലുകളോ നടത്തുമ്പോൾ കെട്ടിടത്തെ പുതിയ കെട്ടിടം എന്ന് കണക്കാക്കി നികുതി നിർണ്ണയം നടത്തുകയാണ് ചെയ്യുന്നതെന്നും അപ്രകാരം നികുതി നിർണ്ണയിക്കുമ്പോൾ പഴയ കെട്ടിടത്തിന്റെ നികുതിയിൽ നിയമാനുസൃതമായ വർദ്ധനവ് വരുന്നതും കെട്ടിടത്തിന്റെ കാലപ്പഴക്കത്തിന് അനുസൃതമായി ഇളവ് അനുവദിച്ചിട്ടുള്ളതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 08.12.2021–ന് സമർപ്പിച്ച റിപ്പോർട്ടിൽ മേൽപ്പറഞ്ഞ വിവരങ്ങൾ അടങ്ങിയ കത്തിന്റെ പകർപ്പ് (8.12.2021–ന് ഹർജിക്കാരന് നൽകിയ) ഉള്ളടക്കം ചെയ്തിട്ടുള്ളതായും അപേക്ഷകന്

നഗരസഭാ ഓഫീസിൽ നിന്നും നേരിട്ടും ടെലിഫോൺ മുഖാന്തിരവും മറുപടി നൽകിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും, അപ്പീൽ അപേക്ഷയ്ക്കും യാതൊരുവിധ മറുപടിയും സമയബന്ധിതമായി എതിർകക്ഷികൾ നൽകിയിട്ടില്ല എന്ന് മാത്രമല്ല 26.11.2021-ന് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് അയച്ച കത്തുപ്രകാരവും യാതൊരു റിപ്പോർട്ടും ഒന്നാം എതിർകക്ഷി ഹാജരാക്കിയതായും കാണുന്നുമില്ല. കൂടാതെ വിശദമായ റിപ്പോർട്ട് ഹാജരാക്കുന്നതിന് പകരം ഹർജിക്കാരന്റെ അപ്പീലിന് മറുപടി തയ്യാറാക്കി നൽകിയതിന്റെ പകർപ്പ് അയക്കുന്നുവെന്നും അപേക്ഷകന് നഗരസഭാ ഓഫീസിൽ നിന്നും നേരിട്ടും ടെലിഫോൺ മുഖാന്തിരവും മറുപടി നൽകിയിട്ടുള്ളതാണെന്ന വിവരം അറിയിക്കുന്നു എന്നുമുള്ള വളരെ ലാഘവത്തോടെയുള്ള റിപ്പോർട്ടാണ് രണ്ടാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയിട്ടുള്ളത്. ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1), 19(6) എന്നീ വകുപ്പുകളുടെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തതിനും കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് ഉത്തരവാദിത്വത്തോടെ ഹാജരാക്കാത്തതിനും ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20 (1), (2) എന്നീ വകുപ്പു പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി 15.2.2022 നകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. വിവരാവകാശ നിയമ പ്രകാരം ഓരോ നടപടിക്കും നിശ്ചയിച്ചിട്ടുള്ള സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്. കൂടാതെ അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജൂഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പാക്കുന്നതിന്റെയും ചുമതല അപ്പീൽ അധികാരിയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം ഹർജിക്കാരനെ നേരിൽ കേട്ടും സമയബന്ധിതമായും അപ്പീൽ തീർപ്പാക്കാതിരുന്നതും വളരെ ലാഘവത്തോടെയുള്ള റിപ്പോർട്ട് കമ്മീഷനിൽ ലഭ്യമാക്കിയതും വിവരാവകാശ നിയമം 19(6) വകുപ്പിന്റെ

ലംഘനമാകയാൽ ഇക്കാര്യത്തിലുള്ള വിശദീകരണം രണ്ടാം എതിർകക്ഷി 15.2.2022–നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ 8.12.2021–ലെ മറുപടി 15.2.2022 നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് ഒരിക്കൽ കൂടി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 3–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk